പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 173

# 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 173

# 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ

780/2023.

# 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ

1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 4-ാം വകുപ്പിനു ശേഷം 4എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റിലെ (1960-ലെ 30) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പിനു ശേഷം, താഴെപ്പറയുന്ന പുതിയ വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

4എ. പതിച്ചുനൽകപ്പെട്ട ഭൂമി മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കൽ.—(1) തൽസമയം പ്രാബല്യത്തിലുള്ള ഈ നിയമത്തിലോ മറ്റേതെങ്കിലും നിയമത്തിലോ ചട്ടങ്ങളിലോ കോടതിയുടെ ഉത്തരവിലോ വിധിന്യായത്തിലോ ഡിക്രിയിലോ എന്തുതന്നെയടങ്ങിയിരുന്നാലും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളുടെയോ പട്ടയത്തിലെ വ്യവസ്ഥകളുടെയോ 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ആക്റ്റിന്റെ (2023-ലെ      ) പ്രാബല്യതീയതിയിൽ നിലവിലുള്ള ലംഘനങ്ങൾ നിർണ്ണയിക്കപ്പെട്ട പ്രകാരം ക്രമവത്ക്കരിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) തൽസമയം പ്രാബല്യത്തിലുള്ള ഈ നിയമത്തിലോ മറ്റേതെങ്കിലും നിയമത്തിലോ ചട്ടങ്ങളിലോ കോടതിയുടെ ഉത്തരവിലോ വിധിന്യായത്തിലോ ഡിക്രിയിലോ എന്തുതന്നെയടങ്ങിയിരുന്നാലും ഈ ആക്റ്റിനും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കുകീഴിലും പതിച്ചുനൽകപ്പെട്ട ഭൂമി ലിഖിതമായി രേഖപ്പെടുത്തപ്പെട്ട കാരണങ്ങളാൽ സർക്കാരിന് ബോധ്യപ്പെടുന്ന പക്ഷം 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ആക്റ്റിന്റെ (2023-ലെ ) പ്രാബല്യതീയതി വരെയുള്ളവ പതിച്ചു നൽകിയ ആവശ്യങ്ങൾക്കല്ലാതെ ഉപയോഗിക്കുവാൻ പതിച്ചു വാങ്ങുന്ന ആളിന് നിർണ്ണയിക്കപ്പെട്ട നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി അനുമതി നൽകുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

3. <u>7-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന്റെ (ഒ) ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

(ഒഎ) പട്ടയത്തിലെ വ്യവസ്ഥകളുടെയും ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളുടെയും ഏതെങ്കിലും ലംഘനം ക്രമീകരിക്കുന്നതിനു നടപടിക്രമം നിർണ്ണയിച്ചു കൊണ്ടും;

(ഒബി) ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരവും യഥാർത്ഥത്തിൽ പതിച്ചുനൽകിയ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നിർണ്ണയിച്ചു കൊണ്ടും.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ ആക്റ്റ് പ്രകാരം പതിച്ചു നൽകപ്പെട്ട ഭൂമി പതിച്ചു നൽകിയ ആവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഭൂമി പതിച്ചുവാങ്ങിയ ആളുകൾ കഴിഞ്ഞ 60 വർഷത്തോളമായി പതിച്ചുനൽകിയ ആവശ്യങ്ങൾക്കല്ലാതെ ഭൂമി ഉപയോഗിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. കൂടാതെ പതിച്ചുവാങ്ങിയവർ പട്ടയ വ്യവസ്ഥകൾ കൂടി ലംഘിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

ഇടുക്കി ജില്ലയിലെ അനധികൃത ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട വിവിധ കേസുകൾ പരിഗണിച്ച വേളയിൽ വിവിധ വകുപ്പുകളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം നേടിയശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുള്ളൂവെന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പു വരുത്തേണ്ടതാണെന്ന് ബഹു. ഹൈക്കോടതി ഉത്തരവിടുകയുണ്ടായി. അതിനെത്തുടർന്ന് പ്രസ്തുത പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കു സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ആയത് ജനങ്ങളെ സാരമായി ബാധിക്കുകയും ചെയ്തു.

ഇപ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഹൈക്കോടതി വിധിക്കനുസൃതമല്ലായെന്ന് ആരോപിച്ചുകൊണ്ട് വീണ്ടും ബന്ധപ്പെട്ട കക്ഷികൾ ഹൈക്കോടതിയെ സമീപിക്കുകയും ആയത് പരിഗണിച്ച ബഹു. ഹൈക്കോടതി മൂന്നാർ മേഖലയിലെ ഭൂമി പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടുമെന്ന് ഉറപ്പാക്കാൻ ശക്തവും ഫലപ്രദവുമായി നടപടി സ്വീകരിക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. കോടതി തീരുമാനത്തിന്റെയും അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ആക്റ്റിൽ അനുയോജ്യമായ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന, 4 എ വകുപ്പ് (1)-ാം ഉപവകുപ്പ് ഈ ആക്റ്റിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെയും പട്ടയവ്യവസ്ഥകളുടെയും ഏതെങ്കിലും ലംഘനങ്ങൾ ക്രമപ്പെടുത്താൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള വിജ്ഞാപനങ്ങളും ചട്ടങ്ങളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

കെ. രാജൻ.

(ശരിത്തർജ്ജമ)

# 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1960-ലെ 30-ാം ആക്റ്റ്)

** ** ** **

4. ഗവൺമെന്റു വക ഭൂമികൾ പതിച്ചുകൊടുക്കുന്നതിനു മുമ്പ് അനുസരിക്കേണ്ട നടപടിക്രമം.—(1) ഗവൺമെന്റു വക ഏതെങ്കിലും ഭൂമി, പാട്ടമോ ലൈസൻസോ മുഖേനയല്ലാതെ മറ്റു വിധത്തിൽ പതിച്ചു കൊടുക്കുന്നതിനു ഉദ്ദേശിക്കുമ്പോൾ ഭൂമി കിടക്കുന്ന താലൂക്കിലെ തഹസിൽദാരൊ, ഇക്കാര്യത്തിലേക്കായി ഗവൺമെന്റ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ പരസ്യലേലത്തിലോ മറ്റു വിധത്തിലോ ആ വക ഭൂമി പതിച്ചുകൊടുക്കുന്നതാണെന്ന് നിർണ്ണയിക്കപ്പെട്ട രീതിയിൽ പരസ്യപ്പെടുത്തുകയും ആ വക ഭൂമിയിന്മേൽ വല്ല തേർച്ചയും ഉള്ളവർക്ക് വല്ല ആക്ഷേപവും ഉണ്ടെങ്കിൽ അത് രേഖാമൂലം അപ്രകാരമുള്ള പരസ്യത്തിൽ പറഞ്ഞിരിക്കേണ്ടുന്ന കാലത്തിനുള്ളിൽ തന്റെ അടുത്ത് ബോധിപ്പിക്കണമെന്ന് അവരോട് ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്.

(2) പരസ്യത്തിൽ പറഞ്ഞിട്ടുള്ള കാലത്തിനുള്ളിൽ വല്ല ആക്ഷേപവും ബോധിപ്പിക്കപ്പെടുന്ന പക്ഷം, തഹസിൽദാരോ അപ്രകാരമുള്ള മറ്റുദ്യോഗസ്ഥനോ അത് അന്വേഷിച്ച് തേർച്ച പൂർണ്ണമായോ ഭാഗികമായോ സ്വീകരിച്ചോ നിഷേധിച്ചോ രേഖാമൂലം ഉത്തരവ് പുറപ്പെടുവിക്കുകയും, അപ്രകാരമുള്ള തീരുമാനം തേർച്ചക്കാരനെ രേഖാമൂലമായി അറിയിക്കുകയും ചെയ്യേണ്ടതാകുന്നു.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള അന്വേഷണത്തിന്റെ ആവശ്യത്തിലേക്ക് ആ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന് റവന്യൂ ഭരണം സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കാൻ ആളുകളെ വിളിപ്പിക്കുന്നത് സംബന്ധിച്ച് തൽക്കാലം ഊർജിതത്തിലിരിക്കുന്ന നിയമപ്രകാരം കളക്ടർമാർക്കും തഹസിൽദാർമാർക്കും കൊടുത്തിട്ടുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

** ** ** **

7. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) ഗവൺമെന്റിന് പിൽകാല പ്രാബല്യത്തിലോ മുൻകാല പ്രാബല്യത്തിലോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്:—

** ** ** **

(ഒ) പതിച്ചുകൊടുക്കുന്നതിനെ തെളിയിക്കുന്ന പട്ടയമോ മറ്റ് ഉടമാവകാശപത്രമോ കൊടുക്കുന്നത് ക്രമപ്പെടുത്തിക്കൊണ്ടും;

** ** ** **